## പതിനാലാം കേരള നിയമസഭ

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം :- 2267

2018 ഫെബ്രുവരി 05-ാം തീയതി മറുപടി നൽകേണ്ടത്

**കെട്ടിട നിർമ്മാണം**

ചോദ്യം
ശ്രീ. ടി.എ.അഹമ്മദ് കബീർ

ഉത്തരം
ഡോ. റ്റി. എം. തോമസ് ഐസക്ക്,
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| (എ) മങ്കട ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | മങ്കട ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ഒന്നാമത്തെ പാർട്ട് ബിൽ 20.07.2017-ലെ സ.ഉ(സാ.ധ) നം. 1381/2017/ധന ഉത്തരവ് പ്രകാരം 89,79,353/- രൂപ ലെറ്റർ ഓഫ് ക്രെഡിറ്റായി അനുവദിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത തുക കിറ്റ്കോയ്ക്ക് ലഭിക്കുവാൻ ഉണ്ടായ കാലതാമസം വിശദീകരിക്കാമോ; | പ്രസ്തുത പ്രവൃത്തി കിറ്റ്കോ മുഖേനയാണ് നടപ്പിലാക്കിയത്. 21.07.2014-ലെ സ.ഉ(അ) നം. 304/2014/ധന ഉത്തരവ് പ്രകാരം കിറ്റ്കോ ഉൾപ്പെടെയുള്ള മറ്റു ഏജൻസികൾ മറ്റു കോൺട്രാക്ടർമാർ മുഖാന്തിരം ചെയ്യുന്ന പ്രവർത്തികൾക്കുള്ള ബില്ലുകൾ സംസ്ഥാന തല മുൻഗണന ക്രമം വഴിയായാണ് നല്കുന്നത്. പ്രസ്തുത പ്രവൃത്തിയുടെ തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സംസ്ഥാന തല മുൻഗണന ക്രമം പാലിക്കാതെ സമർപ്പിക്കപ്പെട്ടതാണ് കാല താമസത്തിന് കാരണം. |
| (സി) അനുവദിച്ച ബിൽ തുക, നിലവിലെ സീനിയോറിറ്റി പ്രകാരം കിറ്റ്കോ-യ്ക്ക് ലഭ്യമാക്കുവാൻ വേണ്ടി വരുന്ന കാലയളവ് എത്രയാണെന്ന് വിശദമാക്കാമോ? | ഒന്നാമത്തെ പാർട്ട് ബിൽ തുക കിറ്റ്കോയ്ക്ക് അനുവദിച്ചിട്ടുണ്ട്. 67,34,514/- രൂപയുടെയും 51,75,184/- രൂപയുടെയും പാർട്ട ബില്ലുകൾ ആഗസ്റ്റ് 2017-ലെ സ്റ്റേറ്റ് സീനിയോറിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ബില്ലുകളുടെ പേയ്മെന്റ് മെയ് 2018 ഓടു കൂടി ലഭ്യമാവുന്നതാണ്. |

സെക്ഷൻ ഓഫീസർ